(സി) പ്രസ്തുത ഇനങ്ങളിലുള്ള നികുതി പിരിവിന് ഈ സർക്കാർ സ്റ്റേ നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ സാമ്പത്തിക വർഷം ഈയിനങ്ങളിൽ മൊത്തം എന്തു തുകയ്ക്കുള്ള സ്റ്റേ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

എക്സൈസ് വകുപ്പ്	സെയിൽസ്ടാക്സ് വകുപ്പ്	രജിസ്ട്രേഷൻ വകുപ്പ്	മോട്ടോർ വെഹിക്കിൾസ് വകുപ്പ്
(എ) 371.64 കോടി രൂപ	2090.36 കോടി രൂപ	212.05 കോടി രൂപ	255.88 കോടി രൂപ
(ബി) 675.00 കോടി രൂപ	4392.00 കോടി രൂപ (31-3-2000)	415.70 കോടി രൂപ (31-3-2000)	431.00 കോടി രൂപ (31-3-2000)
(സി) ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
(ഡി) ബാധകമല്ല	68.68 കോടി രൂപയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ട്.	ബാധകമല്ല	ജില്ലകളിൽ നിന്ന് കണക്കുകൾ ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

വില്പനനികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടി

2 (1057) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ വില്പനനികുതി ചെക്ക്പോസ്റ്റുകളിൽ ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥ കാരണം നികുതിയിനത്തിൽ ഖജനാവിന് വരേണ്ട നിശ്ചിത തുക വന്നുചേരുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വില്പനനികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) വില്പനനികുതിയിലെ ചോർച്ച ഒഴിവാക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെക്ക് പോസ്റ്റിൽ നിന്നുള്ള വിവരങ്ങൾ നികുതി നിർണ്ണയത്തിനു പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെയും ജില്ലാ ഓഫീസുകളെയും ബന്ധപ്പെടുത്തിക്കൊണ്ട് ഒരു കംപ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ചെക്ക്പോസ്റ്റുകളിൽ പിടിക്കപ്പെടുന്ന സാധനങ്ങൾ സൂക്ഷിക്കുന്നതിനായി കെട്ടിടവിപുലീകരണവും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പും ചരക്കുവാഹനങ്ങൾ തൂക്കുന്നതിനുള്ള വേ ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. ഏതാനും ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായി അനധികൃതവഴികളിൽക്കൂടിയുള്ള കള്ളക്കടത്തു തടയുന്നതിനായി ചില ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അസിസ്റ്റന്റ് കമ്മീഷണർമാരെ നിയമിച്ചിട്ടുണ്ട്. അകത്തേക്കും പുറത്തേക്കും വരുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിന് പ്രത്യേകം സംവിധാനം പ്രധാന ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

തൊടുപുഴയിൽ പ്രവർത്തിക്കുന്ന ട്രഷറി

3 (1058) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ തൊടുപുഴയിൽ പ്രവർത്തിക്കുന്ന ട്രഷറി ആരുടെ ഉമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ;

(ബി) എത്ര രൂപയാണ് ഇതിന്റെ വാടകനിരക്ക് ;

(സി) എന്നുമുതലാണ് ട്രഷറി വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയത് ;

(ഡി) എത്ര സ്കയർ ഫീറ്റ് സ്ഥലമാണ് ട്രഷറിക്കുവേണ്ടി എടുത്തിരിക്കുന്നത് ; ട്രഷറി പ്രസ്തുത കെട്ടിടത്തിന്റെ ഏത് നിലയിൽ ആണ് പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രീ. ലൂക്ക് സ്റ്റീഫൻ മാനേജിംഗ് പാർട്ട്നർ ആയുള്ള 'പ്ലാസാ പുളിമൂട്ടിൽ' എന്ന കെട്ടിടത്തിലാണ് ട്രഷറി പ്രവർത്തിക്കുന്നത്.

(ബി) 2842 രൂപയാണ് പി.ഡബ്ല്യു.ഡി. ഇതിന് വാടക നിശ്ചയിച്ചിരിക്കുന്നത്.

(സി) 13-01-1998 മുതൽ ട്രഷറി പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങി.

(ഡി) 141.32 സ്കയർ മീറ്റർ സ്ഥലമാണ് ട്രഷറിക്കുവേണ്ടി എടുത്തിട്ടുള്ളത്. കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയിലാണ് ട്രഷറി പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly